5

# പരിശുദ്ധാത്മാവ് ആരാണ്?

"പരിശുദ്ധാത്മാവ് എന്താണ്?" എന്നല്ല ചോദ്യം. മറിച്ച് "പരിശുദ്ധാത്മാവ് ആരാണ്?" എന്നതാണ്. ഇങ്ങനെ ചോദിക്കാൻ കാരണം പരിശുദ്ധാത്മാവ്, ദൈവികത്വത്തിലെ മൂന്നാമത്തെ അംഗമായ, ഒരു വ്യക്തി ആയതുകൊണ്ടാണ്. അവൻ ഒരു ശക്തിയേക്കാൾ അല്ലെങ്കിൽ അധികാരത്തേക്കാൾ വലുതാണ്; അവൻ ജീവിക്കുന്ന സ്വർഗ്ഗീയ വ്യക്തിയാണ്.

### അവൻ ഒരു വ്യക്തിയെപ്പോലെയാണ്

ബൈബിൾ നല്കുന്ന വിവരങ്ങൾ എല്ലാം തന്നെ വിരൽചൂണ്ടുന്നത് പരിശുദ്ധാത്മാവ് ഒരു ദൈവിക വ്യക്തി ആണെന്നാണ്. പിതാവിനും പുത്രനുമുള്ള അതേ വ്യക്തിപരമായ വാസനകൾ അവനുമുണ്ട്.

### അവന് ഒരു വ്യക്തിയുടെ സ്വഭാവ ഗുണങ്ങളുണ്ട്

ഒരു ശക്തി എന്നതിനുപകരം, ഒരു വ്യക്തിയായി ജീവിക്കുന്നവനാണ് അവൻ എന്ന് പരിശുദ്ധാത്മാവിന്റെ ഗുണങ്ങൾ സൂചിപ്പിക്കുന്നു:

1. *അവന് തോന്നലുണ്ട്*: "എന്ന് പരിശുദ്ധാത്മാവിനും തോന്നിയിരിക്കും" (പ്രവൃത്തികൾ 15:28).

2. *അവന് ഒരു മനസുണ്ട്*: "ആത്മാവിന്റെ ചിന്ത ഇന്നതെന്ന് ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു" (റോമർ 8:27).

3. *അവൻ ഇച്ഛിക്കുന്നു*: "എന്നാൽ ഇത് എല്ലാം പ്രവൃത്തിക്കുന്നത് താൻ ഇച്ഛിക്കുന്നതുപോലെ അവനവന്നു അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവുതന്നെ (1 കൊരിന്ത്യർ 12:11).

4. *അവന് അറിവുണ്ട്*: “മനുഷ്യനിലുള്ളത് അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും? അവണ്ണം തന്നെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല (1 കൊരിന്ത്യർ 2:11).

5. *അവന് വികാരങ്ങളുണ്ട്* (സ്നേഹം, ദുഃഖം, സന്തോഷം): “നമ്മുടെകർത്താവായ യേശുക്രിസ്തുവിനേയും ആത്മാവിന്റെ സ്നേഹത്തേയും ഓർപ്പിച്ച് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു” (റോമർ 15:32). “ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പ് നാളിനായി മുദ്രയിട്ടിരിക്കുന്നത്” (എഫേസ്യർ 4:30) “ബഹുകഷ്ടം സഹിക്കേണ്ടി വന്നിട്ടും നിങ്ങൾ പരിശുദ്ധാത്മാവിന്റെ സന്തോഷത്തോടെ വചനം കൈക്കൊണ്ടു ഞങ്ങൾക്കും കർത്താവിനും അനുകാരികളായി തീർന്നു” (1 തെസലോനിക്യർ 1:6).

പരിശുദ്ധാത്മാവിന് ഈ ഗുണങ്ങൾ ഉള്ളത് അവൻ വ്യക്തിയാണെന്ന് വെളിപ്പെടുത്തുന്നു.

**ഒരു വ്യക്തിയുടെ പ്രവൃത്തികൾ അവൻ ചെയ്യുന്നു**

പരിശുദ്ധാത്മാവ് ഒരു വെറും ശക്തിയായിട്ടല്ല, ഒരു വ്യക്തിയായിട്ടാണ് പ്രവൃത്തിക്കുന്നത്. അവന് താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾ ചെയ്യാൻ കഴിയും:

1. *അവന് ഉപദേശിക്കുവാനും ഓർപ്പിക്കുവാനും കഴിയും*: “എങ്കിലും പിതാവ് എന്റെ നാമത്തിൽ അയയ്ക്കുവാനുള്ള, പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ, നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും, ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും” (യോഹന്നാൻ 14:26).

2. *അവൻ സാക്ഷ്യം വഹിക്കുന്നു*: “ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരും, അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും (യോഹന്നാൻ 15:26).

3. *അവൻ സത്യത്തിലേക്ക് വഴിനടത്തുന്നു*: “സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകലസത്യത്തിലും വഴിനടത്തുന്നു” (യോഹന്നാൻ 16:13).

4. *അവൻ സംസാരിക്കുന്നു*: “അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുന്നു (യോഹന്നാൻ 16:13; പ്രവൃത്തി 8:29; 11:12; 1 തിമൊഥെയോസ് 4:1).

5. *അവൻ കേൾക്കുന്നു*: "അവൻ കേൾക്കുന്നത്, അവൻ സംസാരിക്കുന്നു" (യോഹന്നാൻ 16:13).

6. *അവൻ അറിയിക്കുന്നു*: "വരുവാനുള്ളത് അവൻ അറിയിച്ചു തരുന്നു" (യോഹന്നാൻ 16:13).

7. *അവൻ വിലക്കുന്നു*: "അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്ന് പരിശുദ്ധാത്മാവ് വിലക്കയാൽ ഫ്രുഗ്യയിലും ഗലാത്യ ദേശങ്ങളിലും സഞ്ചരിച്ചു" (പ്രവൃത്തികൾ 16:6).

8. *അവൻ ജീവൻ നല്കുന്നു:* "യേശുവിനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽനിന്ന് ഉയർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ട് നിങ്ങളുടെ മർത്യ ശരീരങ്ങളേയും ഉയർപ്പിക്കുന്നു" (റോമർ 8:11).

9. *അവൻ വെളിപ്പെടുത്തുന്നു*: "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു" (1 കൊരിന്ത്യർ 2:10; എഫെസ്യർ 3:3–5).

10. *അവൻ ആരായുന്നു*: "ആത്മാവ് സകലത്തേയും, ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു" (1 കൊരിന്ത്യർ 2:10).

11. *അവൻ വാഗ്ദാനം ചെയ്യുന്നു*: "അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ, ജാതികൾക്ക് വരേണ്ടതിന് നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ'' (ഗലാത്യർ 3:14; പ്രവൃത്തി 2:33).

12. *അവൻ കൂട്ടായ്മ വരുത്തുന്നു*: "കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ" (2 കൊരിന്ത്യർ 13:14; ഫിലിപ്പിയർ 2:1).

13. *അവൻ പക്ഷവാദം ചെയ്യുന്നു*: "... ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു; ... എന്നാൽ ആത്മാവ് വിശുദ്ധന്മാർക്കുവേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നു" (റോമർ 8:26, 27).

14. *അവൻ സൂചിപ്പിക്കുകയും മുന്നറിയിക്കുകയും ചെയ്യുന്നു*: "... അവരിലുള്ള ക്രിസ്തുവിൻ ആത്മാവും ക്രിസ്തുവിന് വരേണ്ട കഷ്ടങ്ങളേയും പിൻവരുന്ന മഹിമയേയും മുൻപിൽ കൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്ന് പ്രവാചകന്മാർ ആരാഞ്ഞുനോക്കി" (1 പത്രൊസ് 1:11).

15. *അവൻ ക്ഷണിക്കുന്നു*: "ആത്മാവും മണവാട്ടിയും പറയുന്നു, 'വരിക'" (വെളിപ്പാട് 22:17).

16. *അവൻ നയിക്കുന്നു*: "യേശു, പരിശുദ്ധാത്മാവ് നിറഞ്ഞവനായി, യോർദ്ദാൻ വിട്ടു മടങ്ങി, ആത്മാവ് അവനെ മരുഭൂമിയിലേക്ക് നടത്തി" (ലൂക്കോസ് 4:1); "ദൈവാത്മാവ് നടത്തുന്നവർ ഏവരും, ദൈവത്തിന്റെ മക്കൾ ആകുന്നു" (റോമർ 8:14).

ഈ പ്രവൃത്തികളിൽ ഏർപ്പെടുന്ന ഏതൊരാളും, വെറും ഒരു ശക്തി ആയിരിക്കാൻ സാധ്യതയില്ല. അതുകൊണ്ട് പരിശുദ്ധാത്മാവിനെ ഒരു വ്യക്തിയായി കാണണം.

## അവനോട് തെറ്റായി പെരുമാറാൻ കഴിയുന്നു

പരിശുദ്ധാത്മാവിന് എതിരായി അലക്ഷ്യമായി പെരുമാറുകയും വൃണപ്പെടുത്തുകയും ചെയ്ത വാക്കുകൾ ഒരു വ്യക്തിയോടുള്ള പെരുമാറ്റം ആണ് അല്ലാതെ ജീവൻ - ഇല്ലാത്ത ശക്തിയോട് ഉള്ളതല്ല. താഴെക്കൊടുത്തിരിക്കുന്ന രീതികളിൽ അവനോട് തെറ്റായി പെരുമാറാം:

1. *അവനെ ദൂഷണപ്പെടുത്താം*: "... സകല പാപവും ദൂഷണവും മനുഷ്യരോട് ക്ഷമിക്കും ... ആത്മാവിന് നേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല, പരിശുദ്ധാത്മാവിന് നേരെപറഞ്ഞാലോ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും അവനോട് ക്ഷമിക്കയില്ല" (മത്തായി 12:31, 32).

2. *അവനോട് വ്യാജം കാണിക്കാം*: "അപ്പോൾ പത്രൊസ്, 'അനന്യാസേ, പരിശുദ്ധാത്മാവിനോട് വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറേ എടുത്തു വെയ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതെന്ത് ... ?'" (പ്രവൃത്തികൾ 5:3).

3. *അവനോട് മറുത്തു നില്ക്കാം*: "ശാഠ്യക്കാരും ഹൃദയത്തിനും ചെവിക്കും പരിഛേദനയില്ലാത്തവരായി ഉള്ളവരേ, നിങ്ങളുടെ പിതാക്കന്മാരെപ്പോലെ തന്നെ നിങ്ങളും എല്ലായിപ്പോഴും പരിശുദ്ധാത്മാവിനോട് മറുത്തു നില്ക്കുന്നു" (പ്രവൃത്തികൾ 7:51).

4. *അവന് ദുഃഖിക്കാൻ കഴിയുന്നു*: "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പ് നാളിനായി മുദ്രയിട്ടിരിക്കുന്നത്" (എഫെസ്യർ 4:30).

5. *അവനെ പരിഹസിക്കാൻ അല്ലെങ്കിൽ നിന്ദിക്കാൻ കഴിയുന്നു*: "... കൃപയുടെ ആത്മാവിനെ നിന്ദിക്കുകയും ചെയ്തവർ?" (എബ്രായർ 10:29).

6. *അവനെ കെടുക്കാൻ കഴിയും*: “ആത്മാവിനെ കെടുക്കരുത്” (1 തെസലൊനിക്യർ 5:19).

പരിശുദ്ധാത്മാവിനോട് എങ്ങനെ തെറ്റായി പെരുമാറുന്നു എന്ന പ്രസ്താവന തെളിയിക്കുന്നത് അവൻ ഒരു വ്യക്തിയാണ് എന്നാണ്. ശക്തിയോടുള്ള മോശമായ പെരുമാറ്റം അല്ല മുകളിൽ വിവരിച്ച രീതികൾ, അത് ചില കാവ്യങ്ങളിൽ അല്ലെങ്കിൽ ആലങ്കാരികമായ സമ്മർദ്ദങ്ങളിൽ ഉപയോഗിക്കുമെന്നു മാത്രം. ഈ വാക്യങ്ങളിലെ സന്ദർഭം ആലങ്കാരികമായ ഭാഷയിലല്ല ഉപയോഗിച്ചിരിക്കുന്നത്.

**അവന് വേർപെട്ട ഒരു നിലനില്പ് ഉണ്ട്**

പരിശുദ്ധാത്മാവ് വ്യക്തിയാണെന്ന മറ്റൊരു സൂചന അവനെ പിതാവിന്റേയും പുത്രന്റേയും സ്വഭാവത്തോടുകൂടി പറയുകമാത്രമല്ല, അവന് തനതായ വേറിട്ട നിലനില്പും ഉണ്ട്.

യേശു സ്നാനം ഏറ്റപ്പോൾ അവൻ യേശുവിലേക്ക് ഇറങ്ങി വരുന്നതായി പറഞ്ഞിരിക്കുന്നു (യോഹന്നാൻ 1:33). സ്നാന ശേഷം പുത്രൻ വെള്ളത്തിൽ നിന്ന് കയറിയപ്പോൾ, ആത്മാവ് അവനിൽ ഇറങ്ങുകയും സ്വർഗ്ഗത്തിൽ നിന്ന് പിതാവ് സംസാരിക്കുകയും ചെയ്തു (മത്തായി 3:16, 17; ലൂക്കൊസ് 3:21, 22). പിതാവ് സ്വർഗ്ഗത്തിൽ തന്നെ ഇരിക്കുകയും, പുത്രൻ ഭൂമിയിലായിരുന്നപ്പോൾ, ആത്മാവ് വന്ന് അവനിൽ വസിക്കുകയും ചെയ്തു.

ഒരു വ്യക്തി യേശുവിനെതിരായി ദൂഷണം പറഞ്ഞാൽ ക്ഷമിക്കപ്പെടും - എന്നാൽ പരിശുദ്ധാത്മാവിനെതിരായി പറഞ്ഞാൽ, ക്ഷമിക്കുകയില്ല (മത്തായി 12:32). യേശുവും ആത്മാവും രണ്ട് വ്യക്തികളല്ലെങ്കിൽ എങ്ങനെ ഒരാൾക്ക് യേശുവിനോടും ആത്മാവിനോടും സംസാരിക്കാൻ കഴിയും? ഈ ഉപദേശം തരുമ്പോൾ അവർ തങ്ങളുടെ വേറിട്ട അവസ്ഥ യേശു തിരിച്ചറിഞ്ഞിരുന്നു.

ലൂക്കൊസ് 4:1 പറയുന്നു മറ്റുള്ളവർ പരിശുദ്ധാത്മനിറവുള്ളവർ ആയിരിക്കുന്നതുപോലെ, യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായിരുന്നു (പ്രവൃത്തികൾ 6:3, 5; 7:55; 11:24). തീർച്ചയായും, പ്രവൃത്തികളിലെ പരിശുദ്ധാത്മ നിറവുണ്ടായിരുന്ന ആളുകൾ പരിശുദ്ധാത്മാവ് എന്ന വ്യക്തിയെപ്പോലെ ആയിരുന്നില്ല. യേശുക്രിസ്തുവും പരിശുദ്ധാത്മാവും അവർ വേറിട്ട വ്യക്തികളാണെന്ന് തിരിച്ചറിഞ്ഞിരുന്നു.

പരിശുദ്ധാത്മാവിനെ അന്നുവരെ നല്കിയിരുന്നില്ല എന്ന് യോഹന്നാൻ എഴുതി (യോഹന്നാൻ 7:39), കാരണം യേശു മഹ

ത്വീകരിക്കപ്പെട്ടിട്ടില്ലായിരുന്നു. ഇത് യേശു അപ്പൊസ്തലന്മാരോടൊപ്പം ഭൂമിയിൽ ആയിരുന്നപ്പോൾ പറഞ്ഞതാണ്. പരിശുദ്ധാത്മാവ് അന്നുവരെ വരായ്കയാൽ യേശുവും പരിശുദ്ധാത്മാവും രണ്ടുപേർ തന്നെ.

യോഹന്നാൻ 14:26-ൽ "മറ്റൊരു കാര്യസ്ഥനെ," അയയ്ക്കുമെന്ന് യേശു അപ്പൊസ്തലന്മാരോട് പറഞ്ഞു. (യോഹന്നാൻ 16:14) അത് പരിശുദ്ധാത്മാവിനെക്കുറിച്ചായിരുന്നു. അവൻ കാര്യസ്ഥൻ ആയിരുന്നെങ്കിൽ "മറ്റൊരു" കാര്യസ്ഥനെ അയയ്ക്കുമെന്ന് യേശുവിനെങ്ങനെ പറയാൻ കഴിയും? അതുപോലെ യേശുവും പരിശുദ്ധാത്മാവും ഒരാളാണെങ്കിൽ എങ്ങനെ "മറ്റൊരു" കാര്യസ്ഥനെന്ന് പറയും?

താൻ പോകാഞ്ഞാൽ ആത്മാവ് വരികയില്ല എന്ന് യേശു പറഞ്ഞു (യോഹന്നാൻ 16:7). ആത്മാവ് സ്വയമായി സംസാരിക്കാതെ, താൻ കേൾക്കുന്നത് സംസാരിക്കയും ചെയ്യുമെന്നാണ് യേശു പറഞ്ഞത് (യോഹന്നാൻ 16:13). യേശുവിനേയും പരിശുദ്ധാത്മാവിനേയും കുറിച്ച് പുതിയ നിയമത്തിൽ നൽകിയിരിക്കുന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത്, അവർ രണ്ടു പേരും സ്വതന്ത്രരായ, വേറിട്ട സ്വർഗ്ഗീയ വ്യക്തികൾ ആണെന്നാണ്.

## അവൻ ദൈവമാകുന്നു

ഒരേ നിലവാരത്തിലും, തുല്യതയിലുമാണ് പിതാവിനേയും, പുത്രനേയും, പരിശുദ്ധാത്മാവിനേയും കുറിച്ചു പറയുന്നത് (മത്തായി 28:19). ഈ മൂന്നു പേരെയും 2 കൊരിന്ത്യർ 13:14-ൽ പൗലോസ് പറയുന്നത്, ഒരേ നിലവാരത്തിലാണ്: "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ." ആത്മാവ്, ദൈവം ("പിതാവ്"; 1 കൊരിന്ത്യർ 8:6), കർത്താവും ("യേശു"; 1 കൊരിന്ത്യർ 8:6) ആണ് ആത്മീയ വരങ്ങൾ പ്രദാനം ചെയ്യുന്നത് (1 കൊരിന്ത്യർ 12:4-6) അത് ആത്മാവിന്റെ ഇച്ഛ അനുസരിച്ചത്രേ (1 കൊരിന്ത്യർ 12:11).[1]

ഒരേ സ്വഭാവമുള്ള, വേറിട്ട സ്വർഗ്ഗീയ വ്യക്തികളായിട്ടാണ് പുതിയനിയമത്തിൽ പിതാവിനേയും, പുത്രനേയും, പരിശുദ്ധാത്മാവിനേയും ശക്തമായ തെളിവുകളോടു കൂടി പറഞ്ഞിരിക്കുന്നത്. ബന്ധത്തിൽ അവർ അന്യോന്യം യോജിച്ച് മനുഷ്യരോടുള്ള സേവനത്തിൽ അവർ ഒന്നായി പ്രവർത്തിക്കുന്നു.

ദൈവത്തിന് മാത്രമുള്ള സ്വഭാവയോഗ്യതകൾ പരിശുദ്ധാത്മാവിനുള്ളതായി പറഞ്ഞിട്ടുണ്ട്. പിതാവിനും പുത്രനും ഉള്ള അഞ്ച് മനോഗുണങ്ങൾ ശ്രദ്ധിക്കുക:

1. *അവൻ നിത്യനാണ്*: താഴെകാണുന്ന ബൈബിൾ പ്രസ്താവനകൾ (1) പരിശുദ്ധാത്മാവ് - "ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെനിർജ്ജീവ പ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?" (എബ്രായർ 9:14;) (2) പിതാവ് - "നിന്റെ സിംഹാസനം പുരാതനമേ സ്ഥിരമായിരിക്കും" (സങ്കീർത്തനങ്ങൾ 93:2); (3) യേശു - "യേശുക്രിസ്തു ഇന്നലെയും എന്നെന്നേക്കും അനന്യൻ തന്നെ" (എബ്രായർ 13:8); "ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരുനാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കുന്നു" (2 പത്രൊസ് 1:11).

2. *അവൻ എല്ലാം - അറിയുന്നവനാണ്:* അതിനേക്കുറിച്ച് ബൈബിൾ വാക്യങ്ങളിൽ പറഞ്ഞിട്ടുണ്ട് (1) പരിശുദ്ധാത്മാവ് - "നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തേയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു" (1 കൊരിന്ത്യർ 2:10); (2) പിതാവ് - "അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു; അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളതു" (എബ്രായർ 4:13); (3) യേശു - "യേശുവോ, എല്ലാവരേയും അറികകൊണ്ടു, തന്നെത്താൻ അവരുടെ പക്കൽവിശ്വസിച്ചേല്പിച്ചില്ല, മനുഷ്യനിലുള്ളതു, എന്തു എന്നു സ്വതവെ അറിഞ്ഞിരിക്കയാൽ തനിക്കു മനുഷ്യനെക്കുറിച്ചു യാതൊരുത്തന്റേയും സാക്ഷ്യം ആവശ്യമായിരുന്നില്ല" (യോഹന്നാൻ 2:24, 25).

3. *അവൻ സർവ്വ - ശക്തനാണ്*: എല്ലാറ്റിന്മേലും ഉള്ള ഈ ശക്തിയെക്കുറിച്ച് ബൈബിളിൽ നിരവധി ഭാഗങ്ങൾ പറയുന്നുണ്ട് (1) പരിശുദ്ധാത്മാവ് - "അതിന്നു ദൂതൻ: പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കൊസ് 1:35); "യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്കു മടങ്ങിച്ചെന്നു; അവന്റെ ശ്രുതി ചുറ്റുമുള്ള നാട്ടിൽ ഒക്കെയും പരന്നു" (ലൂക്കൊസ് 4:14); "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശ

ലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (പ്രവൃത്തികൾ 1:8); (2) ദൈവം - "ദൈവത്തിന്നു ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ എന്നു ഉത്തരം പറഞ്ഞു" (ലൂക്കൊസ് 1:37); (3) യേശു - "... 'യേശു അടുത്തു ചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു'" (മത്തായി 28:18).

4. *അവൻ എല്ലായിടത്തും സന്നിഹിതനാണ്*: എല്ലായിടത്തും സന്നിഹിതനാകുവാനുള്ള കഴിവ് (1) പരിശുദ്ധാത്മാവ് - "നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും?" (സങ്കീർത്തനങ്ങൾ 139:7); (2) പിതാവ് - "എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ" (1 രാജാക്കന്മാർ 8:27); "'ഞാൻ കാണാതെ വണ്ണം ആർക്കെങ്കിലും മറയത്തു ഒളിപ്പാൻ കഴിയുമോ?' എന്ന് യഹോവയുടെ അരുളപ്പാടു; 'ഞാൻ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനല്ലയോ എന്നു യഹോവയുടെ അരുളപ്പാടു' ..." (യിരെമ്യാവ് 23:24); (3) യേശു - "ഞാനോ ലോകാവസാനത്തോളം, എല്ലാ നാളും നിങ്ങളോട് കൂടെ ഉണ്ട് എന്ന് അരുളിച്ചെയ്യുന്നു" (മത്തായി 28:20).

5. *അവന് സൃഷ്ടിക്കുവാനുള്ള ശക്തിയുണ്ട്*: ദൈവികത്വത്തിലെ ഓരോ അംഗത്തിനും സൃഷ്ടിക്കുവാനുള്ള ശക്തി ഉണ്ടെന്ന് ബൈബിൾ ഭാഗങ്ങൾ പറയുന്നു (1) പരിശുദ്ധാത്മാവ് - "... ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" (ഉല്പത്തി 1:2); (2) പിതാവ് - "അവൻ തന്റെ ശക്തിയാൽ ഭൂമിയെ സൃഷ്ടിച്ചു, തന്റെ ജ്ഞാനത്താൽ ഭൂമണ്ഡലത്തെ സ്ഥാപിച്ചു, തന്റെ വിവേകത്താൽ ആകാശത്തെ വിരിച്ചു" (യിരെമ്യാവ് 51:15); (3) പുത്രൻ - "അദൃശ്യമായതും ദൃശമായതും സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ, വാഴ്ച്ചകളാകട്ടെ - അധികാരങ്ങളാകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കുന്നു, അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (കൊലൊസ്യർ 1:16).

## ഉപസംഹാരം

ദൈവത്തെ മാത്രം വിവരിക്കുന്ന നാമങ്ങളിലാണ് പരിശുദ്ധാത്മാവിനെ പറഞ്ഞിരിക്കുന്നത്. ഈ നാമങ്ങളിൽ നിന്ന് പിതാവിനോടും പുത്രനോടും കൂടെ ദൈവിക സ്വാഭാവം പങ്കിടുന്ന, വേറിട്ട

വ്യക്തിത്വം പരിശുദ്ധാത്മാവിനുണ്ടെന്ന് നമുക്ക് ഉറപ്പാക്കാം. ബൈബിളിലെ പ്രധാനപ്പെട്ട, കേന്ദ്രവ്യക്തിയായി ബൈബിളിൽ അവനെ കാണാം.

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. "പരിശുദ്ധാത്മാവ് എന്ത് അല്ല?" എന്നതിനു പകരം "പരിശുദ്ധാത്മാവ് ആരാണ്?" എന്നു ചോദിക്കുവാനുള്ള കാരണം വിശദമാക്കുക?
2. പരിശുദ്ധാത്മാവ് ജീവനുള്ള "വ്യക്തി" എന്ന് സൂചിപ്പിക്കുന്ന അഞ്ച് സ്വഭാവഗുണങ്ങൾ ഏവ?
3. പരിശുദ്ധാത്മാവിനോട് മോശമായി പെരുമാറാൻ കഴിയും എന്നത് അവൻ വ്യക്തിയാണെന്ന് എങ്ങനെ സൂചിപ്പിക്കാം?
4. പിതാവിനോടും പുത്രനോടും കൂടെ എന്ത് യോഗ്യതകളാണ് പരിശുദ്ധാത്മാവ് പങ്കിടുന്നത്?

## വാക്ക് സഹായങ്ങൾ

**സ്വഭാവഗുണങ്ങൾ** – അല്ലെങ്കിൽ മനോഭാവം അല്ലെങ്കിൽ സ്വഭാവം. റോമർ 1:20 പറയുന്നു, "അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി, അവന്റെ അദൃശ്യലക്ഷണങ്ങൾ, ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് വെളിപ്പെട്ടു വരുന്നു, അവർക്ക് പ്രതിവാദം ഇല്ലാതിരിക്കാൻ തന്നെ."

**അത്ഭുതവരങ്ങൾ** – ദൈവത്താൽ നല്കപ്പെട്ട പ്രത്യേക കഴിവുകൾ – അന്യ – ഭാഷ, രോഗശാന്തി, പ്രവചനം, പുതിയ നിയമം പൂർണ്ണമായും എഴുതപ്പെടുന്നതിനുമുൻപ് – പ്രാരംഭസഭയ്ക്ക് നല്കിയതാണ്. ഈ വരങ്ങൾ പിന്നീട് ആവശ്യമില്ലാത്തതും ലഭ്യമല്ലാത്തതുമാണ് (എഫേസ്യർ 4:5; മത്തായി 28:18–20).

## പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇന്ന് ക്രിസ്ത്യാനികളിൽ

1. അവൻ നമ്മെ പാപത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കുന്നു (റോമർ 8:2–8).
2. അവൻ നമുക്ക് പുനരുത്ഥാനം തരുന്നു (റോമർ 8:11).
3. അവൻ നമ്മെ പ്രാർത്ഥനയിൽ സഹായിക്കുന്നു (റോമർ 8:26; എഫെസ്യർ 6:18).
4. അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (റോമർ 8:26, 27).
5. അവൻ നമ്മെ നടത്തുന്നു (റോമർ 8:14).

6. അവൻ വീണ്ടെടുപ്പുനാളിനായി നമ്മെ മുദ്രയിടുന്നു (2 കൊരിന്ത്യർ 1:22; എഫെസ്യർ 1:13, 14; 4:30).
7. അവന് നമ്മോട് കൂട്ടായ്മയുണ്ട് (2 കൊരിന്ത്യർ 13:14).
8. പിതാവിനോട് അടുക്കുവാൻ അവൻ വഴി ഒരുക്കുന്നു (എഫെസ്യർ 2:18).
9. നമ്മുടെ ആന്തരിക വ്യക്തിയെ അവൻ ശക്തിപ്പെടുത്തുന്നു (എഫെസ്യർ 3:16).
10. അവൻ ഐക്യത നല്കുന്നു (എഫെസ്യർ 4:3).
11. അവൻ നമ്മെ ശുദ്ധീകരിക്കുന്നു (2 കൊരിന്ത്യർ 2:13).

---

കുറിപ്പ്

[1]അത്ഭുതവരങ്ങൾ നിന്നുപോയി. നല്കപ്പെട്ട വ്യക്തമായ പ്രസ്താവനകളാൽ നമുക്ക് ഇത് ഉറപ്പിക്കാം 1 കൊരിന്ത്യർ 13:8–13. 1 കൊരിന്ത്യർ എന്ന ലേഖനത്തിലെ മൂന്ന് അദ്ധ്യായങ്ങളിൽ പൗലോസ് അത്ഭുതവരങ്ങളെപ്പറ്റി പറയുന്നു (12–14). ഈ ചർച്ചകൾക്ക് മദ്ധ്യേ, അത്ഭുതവരങ്ങളേക്കാൾ വലുത് സ്നേഹമാണെന്ന് അവൻ പറയുന്നു (13:1–3). പിന്നെ അവൻ സ്നേഹത്തെപ്പറ്റി വിവരിക്കുന്നു (13:4–7). ആ അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് (13:8–13), ശ്രേഷ്ഠ വരമായി, സ്നേഹത്തെ കാണിക്കുന്നു, അത് ആത്മീയ വരങ്ങളെ പിൻ തള്ളുന്നു. പൗലോസ് പറയുന്നു, “അംശമായി മാത്രം നാം അറിയുന്നു, അംശമായി മാത്രം പ്രവചിക്കുന്നു; പൂർണ്ണമായതു വരുമ്പോഴോ, അംശമായത് നീങ്ങിപ്പോകുന്നു” (വാക്യം 9, 10). “പൂർണ്ണമായത് വരുമ്പോൾ” ഈ അത്ഭുതവരങ്ങൾ നിന്നു പോകേണ്ടിയിരുന്നു.

“പൂർണ്ണമായത്” എന്നതിനർത്ഥം “തികവുള്ളത്” എന്നാണ്. അത് “അംശമായത്” എന്നതിന്റെ വിപരീതമാണ്. “ഭാഗീകമായത്” അത്ഭുതകരമായ ജ്ഞാനവും പ്രവചനവും, വാക്കുകളായി വചനത്തിൽ വെളിപ്പെടുത്തുന്നു. പിന്നെ, “പൂർണ്ണമായത് എന്നത് പൂർണ്ണമായ വെളിപ്പാടാണ് എന്നത് പുതിയനിയമം എഴുതി രേഖപ്പെടുത്തിയപ്പോൾ മനുഷ്യർക്ക് തിരിച്ചറിയാൻ കഴിഞ്ഞു. ഈ പൂർണ്ണമായ ദൈവേഷ്ടം വെളിപ്പെടുത്തൽ, “വിശുദ്ധന്മാർക്ക് ഒരിക്കലായി ഏല്പ്പിച്ചു കിട്ടിയ വിശ്വാസം ആയിരുന്നു” (യൂദാ 3). അത് ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി സാധാരണക്കാരിലെത്തി “പൂർണ്ണമായത്” വന്നപ്പോൾ, “അംശമായത്” നീങ്ങിപ്പോയി. പുതിയനിയമം ദൈവേഷ്ടത്തിന്റെ പൂർണ്ണരേഖ ആയതിനാൽ (2 തിമൊഥെയൊസ് 3:16, 17; 2 പത്രൊസ് 1:3), കൂടുതൽ വെളിപ്പാടു നൽകുവാൻ പിന്നെ അത്ഭുതവരങ്ങൾ ആവശ്യമില്ല. (Phil Sanders, “Does Anyone Have Miraculous Gifts Today?” *Truth for Today* [April 1995]: 49.)